പരാതിയുടെ അടിസ്ഥാനത്തിൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണറും ഉദ്യോഗസ്ഥൻമാരും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പി.എഫ്. പിരിക്കുന്ന തുക കാലാകാലങ്ങളിൽ അടയ്ക്കുന്നുണ്ടോ എന്നുള്ളതു സംബന്ധിച്ച് പരിശോധന നടത്താനുള്ള ബാദ്ധ്യത കൂടി തൊഴിലാളി യൂണിയനുണ്ട് എന്ന് ബഹുമാനപ്പെട്ട മെമ്പർമാരെ അനുസ്മരിപ്പിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം

5 (*485) ശ്രീ. എളമരം കരീം :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റി 2000-2001-ൽ ശുദ്ധജല വിതരണ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) കേരള വാട്ടർ അതോറിറ്റി, ഭൂഗർഭജലവകുപ്പ്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവ സംയുക്തമായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതിൽ ഓരോ പദ്ധതിയും എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ശുദ്ധജലമെത്താത്ത സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനു വേണ്ടി എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; ഈ പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് എപ്രകാരം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ജി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുദ്ധജല വിതരണ രംഗത്ത് സാങ്കേതിക പിന്തുണ നൽകുന്നതിന് കേരള വാട്ടർ അതോറിറ്റി എന്തെല്ലാം ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) 'രണ്ടായിരാമാണ്ടോടെ എല്ലാവർക്കും കുടിവെള്ളം' എന്ന പരിപാടി കേരള വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്ത സംരംഭത്തോടെ നടപ്പിലാക്കാനാണ് വിഭാവന ചെയ്തിട്ടുള്ളത്. സംസ്ഥാനത്തെ 8081 എൻ.സി./പി.സി. ഹാബിറ്റേഷനുകളിലും 141 സെൻസസ് ടൗണുകളിലും മിതമായ തോതിലെങ്കിലും ശുദ്ധജലമെത്തിക്കുന്നതിനാണ് മേൽപ്പറഞ്ഞ 3 വകുപ്പുകളുടേയും ശ്രമം ആവശ്യമായിട്ടുള്ളത്. ഇതിൽ ഭൂജല വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശുദ്ധജലമെത്തിക്കേണ്ട ഹാബിറ്റേഷനുകളും സെൻസസ് ടൗണുകളും ഇനം തിരിച്ച് നൽകിയിട്ടുണ്ട്.

(സി) 'രണ്ടായിരമാണ്ടോടെ എല്ലാവർക്കും കുടിവെള്ളം' എന്ന പരിപാടിയിലുൾപ്പെട്ട എല്ലാ പദ്ധതികളും 2000-2001-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) മേൽ പ്രസ്താവിച്ച 'രണ്ടായിരമാണ്ടോടെ എല്ലാവർക്കും കുടിവെള്ളം' എന്ന പദ്ധതി ശുദ്ധജലമെത്താത്ത സ്ഥലങ്ങളിലും, വളരെ കുറഞ്ഞ അളവിൽ ശുദ്ധജലം നൽകുന്ന സ്ഥലങ്ങളിലും (ഗ്രാമീണ ജനതയ്ക്ക് പ്രതിദിനം 40 ലിറ്റർ എന്ന കണക്കിലും നഗരപ്രദേശങ്ങളിൽ പ്രതിദിനം 70 ലിറ്റർ എന്ന കണക്കിലും) ശുദ്ധജലം ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് രൂപം നൽകിയിട്ടുള്ളത്.

(ഇ) ഈ പദ്ധതിയെപ്പറ്റിയുള്ള വിശദാംശം അനുബന്ധം-II - ലും ഫണ്ട് സ്വരൂപിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗങ്ങൾ അനുബന്ധം-III - ലും ചേർത്തിരിക്കുന്നു. †

(എഫ്) കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾക്ക് പഞ്ചായത്തുകൾ സ്ഥലമെടുത്ത് വാട്ടർ അതോറിറ്റിയെ ഏൽപ്പിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ പലപ്പോഴും സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം പഞ്ചായത്തുകൾക്ക് സ്ഥലമെടുത്ത് നൽകാൻ കഴിയാതെ വരുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റി ഒരു റിവോൾവിംങ് ഫണ്ട് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ നടപടിക്രമങ്ങൾ ഗവൺമെന്റ് തലത്തിൽ പൂർത്തിയായി വരുന്നു. കൂടാതെ സ്ഥലമെടുപ്പ് നടപടി ക്രമങ്ങളിൽ ഉള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥന്മാർ, പഞ്ചായത്ത് അധികൃതർ തുടങ്ങിയവരുടെ യോഗം വിളിച്ച് പ്രവർത്തനം ത്വരിതപ്പെടുത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതിനുപുറമേ നാഷണൽ ഹൈവേക്കു വേണ്ടി സ്ഥലമെടുപ്പിന് അവലംബിച്ചു വരുന്ന മാതൃക കാലതാമസം കുറഞ്ഞതായതിനാൽ അത് വാട്ടർ അതോറിറ്റിയിലും നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഒരു നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. പൈപ്പുകൾ വാങ്ങുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് റേറ്റ് കോൺട്രാക്ട് സിസ്റ്റം ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു നിർദ്ദേശവും സർക്കാർ പരിശോധിച്ചു വരുന്നു.

† അനുബന്ധം - I, II, III

LIBRARY ARCHIVES Kerala Legislative Assembly

വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക അധികാരപരിധി ഒരു കോടി രൂപ എന്നത് 5 കോടി രൂപയാക്കി ഉയർത്തി ഉത്തരവ് നൽകുന്നതിനുവേണ്ടിയുള്ള അതോറിറ്റിയുടെ ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. ഇത് അംഗീകരിച്ചു കഴിഞ്ഞാൽ ടെൻഡറുകൾ ഉറപ്പിക്കാനും മറ്റ് അംഗീകാരത്തിനുമുള്ള നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കാനും സാധിക്കുന്നതാണ്.

ഇപ്പോൾ ഒരു പദ്ധതിയുടെ വിവിധ ഘടകങ്ങൾ പല കോൺട്രാക്ടുകളായാണ് ഏർപ്പെടുത്തുന്നത്. ഏതെങ്കിലും ഒരു കോൺട്രാക്ടർ വരുത്തുന്ന വീഴ്ച പദ്ധതിയെ മൊത്തമായി ബാധിക്കുമെന്നതിനാൽ പദ്ധതിയുടെ എല്ലാ ഘടകങ്ങളും ഒരുമിച്ച് പരിചയ സമ്പന്നതയുള്ള ഒരു കോൺട്രാക്ടറെ ഏൽപ്പിക്കുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്ന ഇ.പി.സി.എം. കോൺട്രാക്ട് സമ്പ്രദായം ഏർപ്പെടുത്തി വരുന്നു.

(ജി) അധികാര വികേന്ദ്രീകരണ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി സംസ്ഥാന ജലവകുപ്പ് 19-3-1998-ലെ ജി.ഒ. (എം.എസ്)നം. 29/98/ഐ.ആർ.ഡി പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ ഏറ്റെടുക്കുന്ന ശുദ്ധജലവിതരണ പദ്ധതികളുടെ സാങ്കേതികാനുമതി നൽകുന്നത് വാട്ടർ അതോറിറ്റിയുടെ എൻജിനീയർമാർ ഉൾക്കൊള്ളുന്ന അതാത് ബി.എൽ.ഇ.സി/എം.എൽ.ഇ.സി./ഡി.എൽ.ഇ.സി. ആണ്. ഇതുകൂടാതെ ശുദ്ധജലവിതരണപദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന സാങ്കേതികോപദേശം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യമനുസരിച്ച് നൽകുന്നതാണ്.

<u>ശ്രീ. എളമരം കരീം</u> : ശുദ്ധജലത്തിന്റെ ആളോഹരി ഉപയോഗം ഗ്രാമ പ്രദേശങ്ങളിൽ പ്രതിദിനം 40 ലിറ്റർ, നഗരപ്രദേശങ്ങളിൽ 70 ലിറ്റർ എന്ന് കണക്കാക്കിയത് അഖിലേന്ത്യാ തോതാണ്. കേരളത്തിൽ അത് തീരെ പര്യാപ്തമല്ല എന്ന് മനസ്സിലാക്കിക്കൊണ്ട് ഈ മാനദണ്ഡം മാറ്റി നിശ്ചയിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

<u>ശ്രീ. വി. പി. രാമകൃഷ്ണപിള്ള</u> : വാട്ടർ സപ്ലൈ സ്കീമിന്റെ നിർദ്ദേശം അനുസരിച്ചാണ് ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്ന ഒരാളിന് ഒരു ദിവസം 40 ലിറ്റർ ജലം കൊടുക്കുന്നത്. അതനുസരിച്ചാണ് എസ്റ്റിമേറ്റ് ഉണ്ടാക്കുന്നത്. അതിൽ കൂടുതൽ നമുക്ക് കേന്ദ്രഗവൺമെന്റിൽ നിന്ന് തരുന്നുണ്ട്. പക്ഷേ ഇപ്പോൾ 'രണ്ടായിരമാണ്ടോടുകൂടി എല്ലാവർക്കും കുടി വെള്ളം' എത്തിക്കുന്ന നടപടിയെ സംബന്ധിച്ച് ആലോചിച്ച് തുടങ്ങിയതിനുശേഷം നമ്മുടെ സംസ്ഥാനത്തുണ്ടാകുന്ന വരൾച്ചാകാലയളവിൽ കൂടുതൽ വെള്ളം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പുതിയ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം 1

[21-3-2000- ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 56 (*485) കാണുക.]

'രണ്ടായിരാമാണ്ടോടുകൂടി എല്ലാവർക്കും കുടിവെള്ളം' എന്ന പദ്ധതിയിൻകീഴിൽ കേരള വാട്ടർ അതോറിറ്റി 1998-1999, 1999-2000, 2000-2001 എന്നീ മൂന്ന് വർഷങ്ങളിലായി 125 (65+22+41) പ്രധാന ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടതിൽ 39 പദ്ധതികൾ 1998-99-ൽ പൂർത്തീകരിച്ചു. കഴിഞ്ഞ വർഷം പൂർത്തീകരിക്കാൻ ലക്ഷ്യമിട്ട 65 പദ്ധതികളിൽ ബാക്കിയുള്ള 26 പദ്ധതികൾ ഉൾപ്പെടെ 48 പദ്ധതികളാണ് 1999-2000-ൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നത്. ശേഷിക്കുന്ന 41 പ്രധാന പദ്ധതികൾ 2000-2001-ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

ഇത് കൂടാതെ പ്രസ്തുത പദ്ധതിയിൻകീഴിൽ ഹാബിറ്റേഷനുകളിലും സെൻസസ് ടൗണുകളിലും മിതമായ തോതിലെങ്കിലും 2000-2001 ഓടെ ശുദ്ധ ജലമെത്തിക്കുക എന്ന ലക്ഷ്യവുമുണ്ട്. ഇത് വാട്ടർ അതോറിറ്റി, ഭൂജലവകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്തസംരംഭത്തോടെ കൈവരിക്കാനാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇതിൽ വാട്ടർ അതോറിറ്റിയുടെ ചുമതലയിൽ 2144 ഹാബിറ്റേഷനുകളും 49 സെൻസസ് ടൗണുകളുമാണുള്ളത്. ഇതിന്റെ ജോലികൾ ആരംഭിച്ചിട്ടുണ്ട്. 2000-2001- ഓടെ ഇതിൽ നല്ലൊരു ശതമാനം പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കൂടാതെ കേന്ദ്രസഹായത്തോടെയുള്ള ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളിൽ ഉൾപ്പെടുത്തി 34 പുതിയ പദ്ധതികൾക്കും 5 ടെക്നോളജി മിഷൻ പദ്ധതികൾക്കും എ.ആർ.പി. സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരം കിട്ടിയിട്ടുണ്ട്. ഈ പദ്ധതികൾ 2000-2001-ൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. ഇതിനുപുറമെ എൽ.ഐ.സി. യുടെ വായ്പാസഹായത്തോടെ 15 പുതിയ പദ്ധതികളും (14 ഗ്രാമീണപദ്ധതിയും 1 നഗരപദ്ധതിയും) 2000-2001-ൽ ഏറ്റെടുക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

ഹഡ്കോ സഹായത്തോടെ ചുവടെ ചേർക്കുന്ന പുതിയ പദ്ധതികൾ അടുത്ത സാമ്പത്തികവർഷം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു.

1. ആലപ്പുഴ നഗരത്തിനുവേണ്ടിയുള്ള വിപുലീകരണപദ്ധതി.
2. തിരുവനന്തപുരം സൗത്ത് സോണിനുവേണ്ടിയുള്ള പദ്ധതി.
3. വെള്ളായണിക്കായൽ ഉറവിടമാക്കിയ തീരദേശപദ്ധതി.
4. തലശ്ശേരി നഗരത്തിനുവേണ്ടിയുള്ള വിപുലീകരണപദ്ധതി.

ഇതിന് പുറമെ കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെയുള്ള സെക്ടർ റിഫോംസ് പദ്ധതി കാസർഗോഡ് ജില്ലയിൽ നടപ്പാക്കുന്നതിന് 44.80 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതിക്ക് കേന്ദ്ര അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി ജനപങ്കാളിത്തത്തോടെയായിരിക്കും നടപ്പിലാക്കുക. കമ്മീഷൻ ചെയ്തുകഴിഞ്ഞ് പദ്ധതിയുടെ നടത്തിപ്പ് ചുമതല പഞ്ചായത്തുകളായിരിക്കും നിർവ്വഹിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ എല്ലാ പഞ്ചായത്തുകളിലുമുള്ള ഗവൺമെന്റ് സ്കൂളുകളിൽ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള ഒരു പദ്ധതിയും നടപ്പിലാക്കിവരുന്നു. ഇത് 2002-ാമാണ്ടോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

2000-ാമണ്ടോടെ എല്ലാവർക്കും കുടിവെള്ളം എന്ന പദ്ധതി പ്രകാരം ഓരോ വകുപ്പും നടപ്പിലാക്കേണ്ട പദ്ധതികളുടെ സംക്ഷിപ്ത വിവരണം.

(Rs. in crore)

Name implementing agency	programme	Funds required during 1998-99	Funds required during 1999-2000	Funds required during 2000-01	Total
(1)	(2)	(3)	(4)	(5)	(6)
1.Kerala Water Authority	a. Completion of 65 ongoing schemes before 31st March 1999	42.44			42.44
	b. Completion of 22 ongoing schemes before 31st March 2000.	15.92	11.52	0.21	27.65
	c. Completion of 41 ongoing schemes before 31st March 2001.	51.79	51.17	34.94	137.90
	d. Coverage of remaining census towns and other urban areas.	25.00	25.00	27.09	77.09
	e. Coverage of NC and PC habitations to a level of 40 Ipcd.	170.00	170.00	170.70	510.70
	Sub total	305.15	257.69	232.94	795.78

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)
2.Ground Water Department	a. Repairs of 2000 bore wells.	0.40			0.40
	b. Coverage of remaining census towns and other urban areas.	0.42	1.00	1.00	2.42
	c. Coverage of NC and PC habitations to a level of 40 Ipcd.	20.00	20.00	24.30	64.30
	Sub total	20.82	21.00	25.30	67.12
3. Local Bodies	a. Completion of Mini Water supply schemes, rejuvenation of community wells development of ponds and protection of spot sources.	160.00	160.00	170.00	490.00
	b. Coverage of census towns and other urban areas.	10.50	30.00	30.00	70.50
	Total	496.47	468.69	458.24	1423.40

LIBRARY ARCHIVES Kerala Legislative Assembly

'2000-ാമാണ്ടോടെ എല്ലാവർക്കും കുടിവെള്ളം' എന്ന പരിപാടി നടപ്പിലാക്കുന്നതിന്, ഫണ്ട് സ്വരൂപിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗങ്ങൾ

12. Source of funds for programme to be implemented by Kerala Water Authority

(Rs. in crore)

Sources	1998-99	1999-2000	2000-01	Total
(1)	(2)	(3)	(4)	(5)
i. Amount which can be used from the Annual Budjet provisions.	25.00	25.00	25.00	75.00
ii. Additional fund from State Government.	32.50	32.50	35.00	100.00
iii. Collection of arrears from Local Bodies.	30.00	30.00	30.00	90.00
iv. Contributions from beneficiaries	15.00	20.00	20.78	55.78
v. Loan from Banks		30.00	45.00	75.00
vi. Issue of Bonds		200.00	200.00	400.00
Total Source	102.50	337.50	355.78	795.78
Amount Required	305.15	257.69	232.94	795.78

LIBRARY ARCHIVES Kerala Legislative Assembly

13. Source of funds for programs to be implemented by Ground Water Department

(Rs. in crore)

Sources	1998-99	1999-2000	2000-01	Total
(1)	(2)	(3)	(4)	(5)
i. Additional allocation from Government		20.00	20.12	40.12
ii. Amount from Natural Calamity fund	9.00	9.00	9.00	27.00
Total Source	9.00	29.00	29.12	67.12
Amount Required	20.82	21.00	25.30	67.12

14. Source of funds for programs to be implemented by Local Bodies

(Rs. in crore)

Sources	1998-99	1999-2000	2000-01	Total
(1)	(2)	(3)	(4)	(5)
i. Amount which can be used from Annual Budjet provisions	50.00	50.00	50.00	150.00
ii. From Employment Assurance Scheme	30.00	35.00	35.00	100.00
iii. Through Municipal Bonds		75.00	75.00	150.00
iv. Collection from small savings	50.00	50.00	60.50	160.50
Total Source	130.00	210.00	220.50	560.50
Amount Required	170.50	190.00	200.00	560.50

LIBRARY ARCHIVES Kerala Legislative Assembly

15. Consolidated Sources of funds

(Rs. in crore)

Sources	1998-99	1999-2000	2000-01	Total
(1)	(2)	(3)	(4)	(5)
i. Annual Budjet KWA	25.00	25.00	25.00	75.00
ii. Annual Budjet Local Bodies	50.00	50.00	50.00	150.00
iii. Additional allotment to KWA	32.50	32.50	35.00	100.00
iv. Loan from Bank Additional allotment to GWD by Government		50.00	65.12	115.12
v. Collection through small savings schemes	50.00	50.00	60.50	160.50
vi. Issue of bonds		275.00	275.00	550.00
vii.Employment assurance scheme	30.00	35.00	35.00	100.00
viii.Natural Calamity fund	9.00	9.00	9.00	27.00
ix. Arrears collection (KWA)	30.00	30.00	30.00	90.00
x. Beneficiary contribution	15.00	20.00	20.78	55.78
Total Source	241.50	576.50	605.40	1423.40

LIBRARY ARCHIVES Kerala Legislative Assembly